## പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം.

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4861 04-07-2012-ൽ മറുപടി നൽകേണ്ടത്.

### ശ്രീമതി ചിരുതയ്ക്ക് മിനിമം പെൻഷൻ അനുവദിക്കാൻ

| ചോദ്യം<br>ശ്രീ. ഇ. പി. ജയരാജൻ | മറുപടി<br>ശ്രീ. ഉമ്മൻചാണ്ടി<br>ബഹു. മുഖ്യമന്ത്രി. |
| --- | --- |
| (എ) കണ്ണൂർ ജില്ലയിലെ തില്ലങ്കേരി വില്ലേജ് ഓഫീസിലെ വില്ലേജ് അസിസ്റ്റന്റായി ജോലി നോക്കവെ 1948 ഏപ്രിൽ 15 ന് തില്ലങ്കേരിയിൽ നടന്ന വെടിവയ്പിൽ ഗുരുതരമായി പരിക്കേൽക്കുകയും 1948 ഏപ്രിൽ 16 നു തലശ്ശേരി ഗവൺമെന്റ് ആശുപത്രിയിൽ മരണമടയുകയും ചെയ്ത സി. ഗോപാലന്റെ ആശ്രിതർക്ക് 64 വർഷങ്ങൾക്കു ശേഷവും കുടുംബ പെൻഷനോ മറ്റ് ആനുകൂല്യങ്ങളോ ലഭിച്ചിട്ടില്ല എന്നതു സംബന്ധിച്ച പരാതികൾ ലഭിച്ചിട്ടുണ്ടോ; | (എ) ലഭിച്ചിട്ടുണ്ട്. |
| (ബി) മരണപ്പെട്ട ഗോപാലന്റെ വിധവ ശ്രീമതി ചിരുത (കൃഷ്ണ ഭവൻ, തില്ലങ്കേരി, മട്ടന്നൂർ) നൽകിയ നിവേദനത്തിൽ എന്തു നടപടിയാണു സ്വീകരിച്ചതെന്നു വ്യക്തമാക്കുമോ;<br>(സി) എങ്കിൽ വൃദ്ധയും വിധവയുമായ ശ്രീമതി. ചിരുതയ്ക്ക് മിനിമം പെൻഷനെങ്കിലും നൽകുവാൻ നടപടി സ്വീകരിക്കുമോ? | (ബി) യും (സി) യും പരാതിക്കാരിയുടെ ഭർത്താവ് ജോലി ചെയ്തിരുന്ന 1947 കാലഘട്ടത്തിലെ സർവ്വീസ് രേഖകൾ ലഭ്യമല്ലന്ന് ഇതു സംബന്ധിച്ച് കണ്ണൂർ ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിരുന്നു. കൂടാതെ 01.04.1964-ൽ നിലവിൽ വന്ന കുടുംബ പെൻഷൻ പദ്ധതിയിൽ 1948-ൽ നിര്യാതനായ ജീവനക്കാരന്റെ വിധവയെ ഉൾപ്പെടുത്താൻ വ്യവസ്ഥയില്ലാത്തതിനാലും, ടിയാൻ അന്തരിച്ച് വർഷങ്ങൾക്കുശേഷമാണ് ടി പരാതി സമർപ്പിച്ചിട്ടുള്ളത് എന്നതിനാലും ആയത് പരിഗണിക്കാൻ നിർവ്വാഹമില്ലെന്ന് കണ്ട് സർക്കാർ നിരസിച്ചിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ